(സി) 19-12-2003-ൽ, പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല.

(ഡി) 10 ഒഴിവുകൾ, ഒഴിവുകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നുണ്ട്. പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുകയാണെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തേണ്ടതില്ല.

(ഇ) പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉടനെ നിലവിൽ വന്നാൽ എംപ്ലോയ്മെന്റ് വഴി നിയമനം നടത്തേണ്ടതില്ല. പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം ഉണ്ടാകുമെന്ന് കരുതിയാണ് എംപ്ലോയ്മെന്റ് വഴി നിയമനം നടത്താൻ ഉദ്ദേശിച്ചത്.

## അച്ചടി, സ്റ്റേഷനറി ഇനങ്ങളിലെ ചെലവ്

139 [3726] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അച്ചടി, സ്റ്റേഷനറി ഇനങ്ങളിൽ ആകെ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ ഓരോ ഇനത്തിലും എത്ര രൂപ ചെലവാക്കി;

(സി) അച്ചടി, സ്റ്റേഷനറി ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന ചെലവ് ചുരുക്കൽ നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) അച്ചടിവകുപ്പിൽ 6665.21 ലക്ഷം രൂപയും സ്റ്റേഷനറി വകുപ്പിൽ 28,85,65,037 രൂപയും ചെലവായിട്ടുണ്ട്.

(ബി) അച്ചടി വകുപ്പിൽ ചെലവായ തുക ഇനം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.† സ്റ്റേഷനറി വകുപ്പിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) അച്ചടി വകുപ്പിൽ, മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ രണ്ടാമതൊരു ഷിഫ്റ്റ് ആരംഭിക്കുകയും പ്രസ്സുകൾ ഘട്ടംഘട്ടമായി ആധുനികവൽക്കരിക്കുകയും ചെയ്തുവരുന്നു. ഇതുമൂലം ഓവർടൈം അലവൻസ് കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി 105 തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. സ്റ്റേഷനറി വകുപ്പിൽ 18 തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly